കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിലവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 14/1895/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിലവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 14/1895/2024 തീയ്യതി: 05/12/2024

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	05-11-2024	15-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-11-2024	15-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പി എൽ ജോസഫ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി സൗമ്യ എം	സെക്രട്ടറി	01-04-2023	12-07-2023
ശ്രീ ഷിനു ജോർജ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-07-2023	18-07-2023
ശ്രീ ഷാജികുമാർ എസ് ഒ	സെക്രട്ടറി	19-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി സബിത കെ എം	വി ഇ ഒ 1	01-04-2023	19-02-2024
ശ്രീമതി ജോബിഷ ജോസഫ്	വി ഇ ഒ 1(ഇൻ ചാർജ്)	20-02-2024	31-03-2024
ശ്രീമതി ജോബിഷ ജോസഫ്	വി ഇ ഒ 2	01-04-2023	31-03-2024
ശ്രീമതി ശോഭനകുമാരി എം ബി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-07-2023
ശ്രീമതി പുഷ്കല പി എൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-08-2023	31-03-2024
ശ്രീ മാത്യു കെ ജോസഫ്	ഹെഡ്മാസ്റ്റർ	01-04-2023	06-10-2023
ശ്രീമതി റൂബി ജോൺ	ഹെഡ്മിസ്ട്രസ്	07-10-2023	31-03-2024
ശ്രീ റൊണാൾഡ് വിൽസൺ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി ദീപ്തി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി	01-04-2023	08-05-2023
ശ്രീ ജയപ്രകാശ് ആർ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി	09-05-2023	30-07-2023
ശ്രീ ജോൺ രാഹുൽ ജോസ്	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി	31-07-2023	06-09-2023
ശ്രീ നിധിൻ എം എസ്	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി	07-09-2023	31-03-2024
ശ്രീമതി അശ്വിനി എസ്	കൃഷി ഓഫീസർ	01-04-2023	16-04-2023
ശ്രീമതി രമ്യാ ആർ	കൃഷി ഓഫീസർ	17-04-2023	10-05-2023
ശ്രീമതി ആതിര കെ കെ	കൃഷി ഓഫീസർ	11-05-2023	05-06-2023
ശ്രീമതി രമ്യാ ആർ	കൃഷി ഓഫീസർ	06-06-2023	31-01-2024
ശ്രീമതി ആതിര കെ കെ	കൃഷി ഓഫീസർ	01-02-2024	31-03-2024
ഡോ.വിന്നിമോൾ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.അനീറ്റ ജോസഫ്	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി	01-04-2023	18-06-2023
ഡോ.സാനുദ്ദീൻ ഇ എം	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി	19-06-2023	30-06-2023
ഡോ.നിർമൽ മാത്യു ജോസ്	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി	01-07-2023	31-03-2024
ഡോ.നിമ്മി ജോർജ്	മെഡിക്കൽ ഓഫീസർ , ഹോമിയോ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
2	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-3
5	31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല	1-1-4
6	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-5
7	അഡ്വാൻസ് രജിസ്റ്ററിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-6
8	ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം-എ.സി.ആർ. ൽ രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കുന്നില്ല	1-1-8
10	വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല	1-1-9
11	ബി 7 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത വ്യക്തമല്ല	1-1-10
12	ഓഡിറ്റ് റിക്കവറി വരവ് തുക യഥാർത്ഥ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല.	1-1-11
13	Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല	1-1-12
14	സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു	1-1-13
15	റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല	1-1-14
16	ബജറ്റ്	1-2
17	സാമ്പത്തിക വിശകലനം	1-3
18	ഗ്രാന്റ് വിനിയോഗം	1-4
19	വാർഷികപദ്ധതി അവലോകനം	1-5
20	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
21	സാമൂഹ്യ ക്ഷേമ പദ്ധതികൾ	1-7
22	ക്യാഷ് ബാലൻസ് പരിശോധന	1-8
23	ആഭ്യന്തര നിയന്ത്രണം	1-9
24	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
25	മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക	1-11
26	വസ്തുനികുതിനിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചിട്ടില്ല	1-12
27	ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-13
28	വസ്തു നികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നു	1-14
29	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-15
30	തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ നിലനിൽക്കുന്നു	1-16
31	ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല	1-17
32	ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു	1-18
33	തടി ലേലം - എഫ് ഡി റ്റി, ജി എസ് റ്റി എന്നിവ ഈടാക്കിയിട്ടില്ല	1-19
34	ഓണം അഡ്വാൻസ് - ബാലൻസ് തുക അടവാക്കി ക്രമീകരിച്ചിട്ടില്ല	1-20
35	പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ-പഞ്ചായത്ത് ഫണ്ടിന് ബാദ്ധ്യത	1-21
36	ജി പി എഫ് തുക അടവാക്കിയില്ല	1-22
37	പഞ്ചായത്ത് ഓഫീസിന്റേതടക്കമുള്ള ഓഫീസ് കെട്ടിടങ്ങളുടെ കറന്റ് ചാർജ് - കൊമേഴ്സ്യൽ താരിഫിൽ തുടരുന്നു.	1-23
38	ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-വാഹനം ലഭ്യമായില്ല	1-24
39	വിൻഡ് മിൽ സാധ്യത പഠനം-രേഖകൾ ലഭ്യമാക്കിയില്ല	1-25
40	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -വിശദാംശങ്ങൾ ലഭ്യമായില്ല	1-26

41	ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മുഴുവൻ തുകക്കും മരുന്നുകൾ ലഭിച്ചിട്ടില്ല	1-27
42	ഇലക്ട്രിഫിക്കേഷൻ പൂർത്തിയായിട്ടും ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാക്കിയില്ല, മറ്റ് അപാകതകൾ	1-28
43	അമ്പലം -മങ്കൊമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം -പ്രോജക്ട് ലക്ഷ്യം നേടിയില്ല	1-29
44	ഇരുമാപ്ര തൊഴിൽ പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ - കറന്റ് കണക്ഷൻ ലഭിച്ചതിന്റെ വിവരം ഇല്ല	1-30
45	ആയുർവേദാശുപത്രി മെയിന്റനൻസ്-പ്രവൃത്തിക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയില്ല	1-31
46	ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് -അംഗങ്ങളുടെ പരാതിയിന്മേലുള്ള പരിശോധന -റിപ്പോർട്ട്	1-32
47	അസി.എൻജിനീയർ ,എൽ എസ് ജി ഡി,മൂന്നിലവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ്-വ്യക്തതയില്ല	1-33
48	നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയ ക്രമക്കേടുകളെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ വിവരം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-34
49	ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ	1-35
50	അഗതി രഹിതകേരളം അക്കൗണ്ടിൽ വലിയ തുക ബാക്കിനില്ക്കുന്നു	1-36
51	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-37
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. **മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15/05/2024 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി :05.12.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ

സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും (Calculation Sheet) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ്(Capital Contribution) ശീർഷകത്തിലെ 3.29 കോടി രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല

ജനപ്രതിനിധികളുടെ മാർച്ച്-2024 ലെ ഹോണറേറിയം, 31/03/2024 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2023-24 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് ILGMS- സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-6 അഡ്വാൻസ് രജിസ്റ്ററിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബി 18 ഷെഡ്യൂളിലെ തുകകളുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല. പ്രസ്തുത ഹെഡുകളിലെ തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

1-1-7 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

1-1-8 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം-എ.സി.ആർ. ൽ രേഖപ്പെടുത്തി സെക്രട്ടറി ആധികാരികമാക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആറിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല. ആയതിനാൽ ഗ്രാന്റുകളുടെ ബി 4 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾക്ക് കൃത്യതയില്ല. രജിസ്റ്റർ കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി, വാടക, തൊഴിൽ നികുതി, ലൈസൻസ് ഫീസ് മുതലായ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡി സി ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററുകൾ കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-1-10 ബി 7 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത വ്യക്തമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബി 7 ഷെഡ്യൂളിലെ വിവിധ ഹെഡുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല. കൃത്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

1-1-11 ഓഡിറ്റ് റിക്കവറി വരവ് തുക യഥാർത്ഥ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല.

2022-23 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-30 പ്രകാരം അടവാക്കിയ ഓഡിറ്റ് റിക്കവറി തുക 81825/- രൂ RP-10 ഷെഡ്യൂളിൽ 180400301 - Recovery From Others - Audit Recovery ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. Fees And Contributions എന്ന ഇനത്തിലാണ് മേൽ തുക അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-1-12 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

1-1-13 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു

31.03.2024 ലെ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂൾ പ്രകാരം Roads And Bridges എന്ന ഇനത്തിലെ സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-14 റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല

ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി വരവ് വന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുകയും 2021-22 വർഷം റിഡംപ്ഷനായി സർക്കാർ പിടിക്കുകയും ചെയ്ത 1623056/- രൂപ ലഭ്യമാകാനുള്ള തുകയായി വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. തിരികെ ലഭ്യമാകാത്ത മേൽ തുക ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20.02.2023 ലെ 2-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ 19.01.2024 ലെ 1-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തികവർഷാരംഭത്തിൽ അംഗീകരിച്ച ബജറ്റു പ്രകാരമുള്ളതും പുതുക്കിയ ബജറ്റ് പ്രകാരമുള്ളതുമായ വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	
	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	-2394651.00	-2394651.00
വരവ്	103567287.00	114540575.00
ആകെ	101172636.00	112145924.00
ചെലവ്	94983922.00	108089500.00
നീക്കിയിരിപ്പ്	6188714.00	4056424.00

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	9,109,036
ഓഡിറ്റ് വർഷത്തെ വരവ്	27062353
ആകെ	36,171,389
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	19920972
നീക്കിയിരിപ്പ്	16,250,417

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം	61,922,687
ആകെ ചെലവ്	63,860,678
വരുമാന നഷ്ടം	1,937,991
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	-499,595
അറ്റ പ്രവർത്തന നഷ്ടം	1,438,396
വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1256043/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	11575000	11575000	8810980	2764020	76.12
വികസനഫണ്ട് എസ്.സി.പി.	0	1298000	1298000	803468	494532	61.90
വികസനഫണ്ട് ടി.എസ്.പി.	0	3167000	3167000	2524836	642164	79.72
സംരക്ഷണഗ്രാന്റ് റോഡ്	0	5000000	5000000	4975970	24030	99.52
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	5474000	5474000	2972799	2501201	54.31
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	2549567	1437500	3987067	855654	3131413	21.46
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	1834879	2066121	3901000	931872	2969128	23.89
ഐ.സി.ഡി.എസ്	806498	626626	1433124	273653	1159471	19.09
ശുചിത്വമിഷൻ ഗ്രാന്റ്	1458119	0	1458119	0	1458119	0
എം ജി എൻ ആർ ഇ ജി എസ്	9678	14880926	14890604	14890453	151	99.99
സാക്ഷരത	4487	0	4487	0	4487	0
ഹെൽത്ത് ഗ്രാന്റ്	3119	581500	584619	272604	312015	46.62

(ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)						
ഹെൽത്ത് ഗ്രാന്റ് (വെൽനസ് സെന്ററേഴ്സ്)	120465	267413	387878	232080	155798	59.83

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 740830/- രൂപ, 199598/- രൂപ, 860643/- രൂപ KURDFC വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ 569400/- രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നം. 2858/2024/ധന തീയതി. 22.03.2024 പ്രകാരം വികസനഫണ്ട് എസ് സി പി, റ്റി എസ് പി വിഹിതങ്ങളായി (മൂന്നാം ഗഡു) ലഭിച്ച തുകകൾ യഥാക്രമം 366066/- രൂപ, 768719/- രൂപ എന്നിവ പഞ്ചായത്തിൽ വരവായി ചേർക്കാത്തതിനാൽ ഗ്രാന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും മുന്നിരിപ്പ്, വിനിയോഗവിവരം എന്നിവയുടെ വിശദാംശങ്ങൾ എ സി ആറിൽ രേഖപ്പെടുത്താതിരുന്നതിനാൽ കണക്കുകളിൽ വ്യക്തതയില്ല.

4. ഹെൽത്ത് ഗ്രാന്റ് ഡയഗണോസ്റ്റിക് & ഇൻഫ്രാസ്ട്രക്ചർ എന്ന ഹെഡിലെ നീക്കിയിരിപ്പ് B4 ഷെഡ്യൂൾ, ട്രയൽ ബാലൻസ് എന്നിവയിലെ തുക RP 40(b) യിലെ തുകയുമായി 5 രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ 149121/-രൂപ ഉൾപ്പെടെയുള്ള തുകയാണ് വരവായി ചേർത്തിരിക്കുന്നത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

<u>1-5 വാർഷികപദ്ധതി അവലോകനം</u>

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നാക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസന ലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക, കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.

ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 14-12-2022ൽ യോഗം ചേർന്ന് വാർഷികപദ്ധതി യിൽ ഉൾപ്പെടുത്തേണ്ട

പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി. പദ്ധതി രൂപീകരണ ഗ്രാമസഭകൾ 18-12-2022 ലും വികസനസെമിനാർ 28-01-2023ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 83898/23/DPC/DPO/KTM തീയതി 03/02/2024 ഉത്തരവിലൂടെ ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതിയുടെ സംക്ഷിപ്തം

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ	ചെലവ്	ചെലവ് ശതമാനം
211	119	104476523	29655896	28

അംഗീകാരം ലഭിച്ച 211 പ്രോജക്ടുകളിൽ 119 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 56 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 33 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി അടങ്കൽ തുകയിൽ ജി.ഒ പ്രോജക്ടുകളായി സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ഗ്രാന്റുകളിൽ നിന്ന് കുറവ് ചെയ്ത 2370471/- രൂപ ഉൾപ്പെടുന്നില്ല.

വിവിധനിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണചുമതല 10 ഉദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകൾ	നടപ്പാക്കിയത്	ആകെ വകയിരുത്തൽ	ചെലവ്	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	14	11	1617975	633303	39
2	വെറ്ററിനറി സർജൻ	11	9	2825000	1450255	51
3	മെഡി.ഓഫീസർ, പി.എച്ച്.സി	9	9	3524781	2899101	82
4	മെഡി.ഓഫീസർ, ഹോമിയോ	5	5	1002255	995668	99
5	വി.ഇ.ഒ	15	11	55137346	9016972	16
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	7	3668000	2018943	55
7	സെക്രട്ടറി	50	30	7742221	5296356	68
8	അസി.എൻജിനീയർ	90	32	27568661	6883577	25
9	ഹെഡ് മാസ്റ്റർ	3	2	319634	144710	45
10	ഡയറി ഫാം ഇൻസ്ട്രക്ടർ	4	3	1070600	317011	30
ആകെ		211	119	104476523	29655896	28

വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് വിവരങ്ങൾ.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി.മീറ്റിംഗുകളുടെ മിനിറ്റ്സ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പലതിലും തീരുമാനങ്ങൾ കൃത്യമായി ഉൾപ്പെടുത്തുകയോ ഒപ്പുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വാർഷിക പദ്ധതിക്കായി ആകെ വകയിരുത്തിയ 104476523/- രൂപയിൽ ചെലവഴിച്ചത് 29655896/- രൂപ മാത്രമാണ്. ചെലവ് 28% മാത്രമാണ്.

സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 56പ്രോജക്ടുകളിൽ 33എണ്ണം നടപ്പാക്കി. അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 27568661/-രൂപയിൽ 25% മാത്രമാണ് (6883577/) തൻവർഷം ചെലവഴിച്ചത്.

റോഡുകൾ, അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ ഏകവർഷ പ്രോജക്ടുകളായി ആരംഭിച്ച് പല പ്രോജക്ടുകളും വർഷങ്ങളായി സ്പിൽ ഓവറായി തുടരുകയും പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാക്കുന്നത്. കൂടാതെ ബഹുവർഷങ്ങളായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ അതിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി വിവിധവർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം

പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കി മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യ വർഷം തന്നെ വാങ്ങണമെന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 ഖണ്ഡിക 3.5.2(4) ലെ നിബന്ധന പാലിക്കാതെയാണ് കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവ ഏറ്റെടുക്കുന്നത് എന്ന് കാണുന്നു.
ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ലാപ്സായഗ്രാന്റ്തുകകൾ

പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തികവർഷാവസാനം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.
പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വി ഇ ഒ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ 972769/- രൂപയ്ക്കുള്ള 7 പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായിരുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	2764020/-
വികസന ഫണ്ട്-എസ്.സി.പി	494532/-
വികസന ഫണ്ട്-ടി.എസ്.പി	642164/-
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	24030/-
മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്	2501201/-
ആകെ	6425947/-

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മിക്കവാറും നിഷ്ക്രിയാവസ്ഥയിലായിരുന്നുവെന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 07 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 95 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 95 പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിച്ചതിൽ 42 പ്രവൃത്തികൾ പൂർത്തിയാക്കി. 37410 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 94 അയൽക്കൂട്ടങ്ങളിൽ 88 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 476 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കല്ലുകയ്യാല, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്		9678.28
വരവ്	ഇ.എഫ്.എം.എസ്. വരവ്	13937046.00

	ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ)	943880.00
ആകെ വരവ്		14890604.28
ചെലവ്	തൊഴിലാളികളുടെ വേതനം	12272446.00
	വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	126600.00
	സാധന വില, വാടക, ബാങ്ക് ചാർജ്	1538000.00
	ഭരണ ചെലവുകൾ	953407.00
ആകെ ചെലവ്		14890453.00
	നീക്കിയിരിപ്പ്	151.28

1-7 സാമൂഹ്യ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	398400	31
വിധവാ പെൻഷൻ	2599600	238
വാർദ്ധക്യകാല പെൻഷൻ	8054400	766
വികലാംഗ പെൻഷൻ	1227600	109
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ	336000	29

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 5/11/2024-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 3906/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് എന്നിവ തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 2024 ഒക്ടോബർ വരെ തയാറാക്കിയിട്ടുണ്ട്. മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ ,ലോൺ രജിസ്റ്റർ എന്നിവ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുന്നിരിപ്പുകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് ലിസ്റ്റ് മതിയായ വിവരങ്ങൾ ചേർത്ത് തയാറാക്കി സൂക്ഷിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്റർ,കമ്പ്യൂട്ടർ ഉൾപ്പെടെ ഹാർഡ് വേർ രജിസ്റ്റർ എന്നിവയും മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നു. നികുതി പിരിവിലുൾപ്പെടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ

കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

സകർമ്മ സോഫ്റ്റ് വേറിൽ തയാറാക്കുന്ന ഗ്രാമപഞ്ചായത്തിന്റെ മിനിറ്റ്സിൽ ഭരണസമിതി മീറ്റിംഗിലേതിൽ നിന്ന് വ്യത്യസ്തമായ തീരുമാനങ്ങൾ ഉൾപ്പെടുത്തുന്നതായും മീറ്റിംഗ് നടത്താതെതന്നെ തീരുമാനങ്ങൾ ചേർക്കുന്നതായും ഏതാനും അംഗങ്ങൾ ചേർന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന പരാതി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കി മറുപടി വാങ്ങുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടികളിൽ പരാതിക്കാരുടെ ആരോപണങ്ങൾ ശരിയല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് ക്യാമ്പ് പരിശോധനാവേളയിൽ ഡെപ്യൂട്ടിഡയറക്ടർ പ്രസ്തുത അംഗങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഇക്കാര്യത്തിൽ പരിമിതികളുണ്ടെന്നും ഭരണ വകുപ്പായ തദ്ദേശ സ്വയംഭരണവകുപ്പിന് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും ഡെപ്യൂട്ടി ഡയറക്ടർ അവരെ അറിയിച്ചിട്ടുമുണ്ട്. ഭരണവകുപ്പിന് ഇത് സംബന്ധിച്ച കത്ത് നല്കി പ്രസ്തുത അംഗങ്ങൾ പരിഹാരം തേടേണ്ടതാണ്.

സ്പിൽ ഓവറുൾപ്പെടെ അംഗീകാരം വാങ്ങിയ പല പ്രോജക്ടുകളും നടപ്പിലാക്കാൻ സാധിക്കാത്തത് മൂലം വാർഷികപദ്ധതിയിൽ ലഭ്യമായ ഗ്രാന്റ് തുകയിൽ 6425947/- രൂപ തൻവർഷം ലാപ്സായി. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 90 പ്രോജക്ടുകളിൽ 32 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 4 അസിസ്റ്റന്റ് എൻജിനീയർമാർക്ക് അഡീഷണൽ ചാർജ് നല്കുകയാണ് ചെയ്തിരിക്കുന്നത്. സ്വാഭാവികമായും പദ്ധതി നിർവഹണ പ്രക്രിയയിൽ ഇത് വൈഷമ്യം സൃഷ്ടിക്കുകയുണ്ടായി. ചാർജ് വഹിച്ച ഉദ്യോഗസ്ഥർ പ്രോജക്ട് നിർവഹണ നടപടികളിൽ കാര്യക്ഷമമായി ഇടപെടാത്തത് മൂലം മരാമത്ത് പ്രവൃത്തികൾ നടപ്പാകാതെ ഗ്രാന്റ് വിഹിതം ലാപ്സായിട്ടുണ്ട്. നിലവിലും അസിസ്റ്റന്റ് എൻജിനീയർ തസ്തിക അഡീഷണൽ ചാർജ് ആയി നല്കിയിരിക്കുകയാണ്. ഈ വർഷത്തെ പ്രോജക്ടുകളുടെ നിർവഹണത്തിലും പ്രാഥമിക നടപടികൾ പോലും ആയിട്ടില്ലയെന്നാണ് പഞ്ചായത്ത് അറിയിച്ചത്. ജീവനക്കാരുടെ അപര്യാപ്തതയും താരതമ്യേന പുതുതായി നിയമിക്കപ്പെട്ടവരുടെ പരിചയക്കുറവും പ്രോജക്ട് നിർവഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. പ്രോജക്ടുകളുടെ നിർവഹണത്തിൽ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കാര്യക്ഷമത പുലർത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. വാർഷിക പദ്ധതിയിലുൾപ്പെടെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22.10.2022	03/2022	ലഭിച്ചിട്ടില്ല-
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	21.09.2023 - 04.10.2023	1/4/2018 മുതൽ 31/3/2023 വരെ	Lr.NO.Audit-1/(HQ)II /8A-60 /2023-24/231 തീയതി : 31.10.2023

1-11 മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി 405270/- രൂപ കുടിശ്ശികയാണ്.

ക്രമ നം.	വാർഡ് / വാതിൽ നമ്പർ	ഉടമസ്ഥന്റെ പേര്	വർഷം	വസ്തു നികുതി ഇനത്തിലെ കുടിശ്ശിക

1	XI/ 156	റിലയൻസ് ടവർ	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	405270

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/13.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-12 വസ്തുനികുതിനിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.	ഉടമസ്ഥന്റെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം (ച.മീ.)	അടിസ്ഥാന നികുതി	നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി
IV/ 125 L മുതൽ O വരെ	അനീഷ് ജോർജ്ജ് മാത്യു കുര്യാസ്	റിസോർട്ടുകൾ	62.92	90	5662.80
		റിസോർട്ടുകൾ	62.92	90	5662.80
		റിസോർട്ടുകൾ	62.92	90	5662.80
		റിസോർട്ടുകൾ	62.92	90	5662.80
		ആകെ	251.68		22651.20

ടി കെട്ടിടത്തിന്റെ ഫോം - 6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച. മീ.ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസ്സസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെ നികുതി നിർണ്ണയിക്കുകയും ചെയ്തു. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/14.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ കെട്ടിടം തന്നെ വിവിധ നമ്പറുകളിൽ അസ്സസ്മെന്റ് നടത്തി നികുതി നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന ഇത്തരം അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

1-13 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

റോഡിന്റെ തരം	ബാധകമായ നിരക്ക് വ്യതിയാനം

5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	20 % നികുതി വർദ്ധനവ്
1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	നികുതി വർദ്ധനവോ ഇളവോ ഇല്ല.
1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ	10 % നികുതി ഇളവ്
പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ	20 % നികുതി ഇളവ്

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	II/ 7 A	മാത്യു റ്റി ജെ	കാഞ്ഞിരം കവല മേച്ചാൽ റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
2	II/ 38 A	പി ജെ ജെയിംസ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	III/ 118 A	മേരിക്കുട്ടി ദേവസ്യ	കടവുപുഴ മുടിക്കുന്ന് മേച്ചാൽ റോഡ്	1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്
4	III/ 116 B	എ ജെ ജോൺസൺ		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
5	IV/ 86 A	മോളി ജോഷ്വ	പഴുക്കാക്കാനം ഇല്ലിക്കക്കല്ല് റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
6	IV/ 34 A	ശാരദ		1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്
7	V/ 30 B	സന്തോഷ് കുമാർ വി ജി	മങ്കൊമ്പ് അഞ്ചുകുടിയാൻ റോഡ്	1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്
8	V/30 C	സന്തോഷ് കുമാർ വി ജി		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/13.11.2024) മറുപടി

ലഭ്യമായിട്ടില്ല. വസ്തു നികുതി നിർണ്ണയ വേളയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ പ്രകാരമുള്ള കെട്ടിടങ്ങളുടെ നിലവിലുള്ള നികുതി നിർണ്ണയം പരിശോധിക്കേണ്ടതും മേൽ അപാകതകൾ ഉണ്ടെങ്കിൽ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

1-14 വസ്തു നികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂൾ അനുസരിച്ച് വസ്തു നികുതിയിൽ വലിയ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	431100101 – Receivables For Property Tax On Residential Buildings (Current)	118157/-
2	431100102 – Receivables For Property Tax On Residential Buildings(Arrear)	47946/-
3	431100103 – Receivables For Property Tax On Non Residential Buildings (Current)	85325/-
4	431100104 – Receivables For Property Tax On Non Residential Buildings (Arrear)	369774/-
	ആകെ	621202/-

വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യം, നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/14.11.2024) മറുപടി ലഭ്യമായിട്ടില്ല. തനത് ഫണ്ട് വരവുകൾ കുറവുള്ള പഞ്ചായത്ത് ആയതിനാൽ നികുതി ഇനത്തിലുള്ള വരവിനങ്ങളിൽ കുടിശ്ശിക വരുത്താതെ അതാത് വർഷം തന്നെ അവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-15 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു .

ക്രമ നം.	2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1.	ശ്രീ. ഷാജി മാത്യു
2.	ശ്രീ. ജോമി മാത്യു
3.	ശ്രീ. ഡെന്നി ജോസ്
4.	ശ്രീ. റിജു ഐ ബി
5.	ശ്രീമതി. ലിസി ജോസഫ്

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/07-11-2024) കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചു.മേൽ പട്ടികയിൽ ഉൾപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. കരാറുകാരുടെ ഡേറ്റബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ നിലനിൽക്കുന്നു

1. 2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	മങ്കൊമ്പ് ഗ്രാനൈറ്റ്സ്
2	ടി കെ ഗ്രാനൈറ്റ്സ്

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 5/08-11-2024)) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മങ്കൊമ്പ് ഗ്രാനൈറ്റ്സ്, റ്റി കെ ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. തൊഴിൽനികുതി പരിധിയിൽ വരുന്ന ജീവനക്കാരുണ്ടെങ്കിൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ള സാസ്കോ പ്ലൈ ആൻഡ് ബോർഡ്സ് എന്ന സ്ഥാപനം തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതായും തൊഴിൽ നികുതി അടവാക്കിയതായും കാണുന്നില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/08-11-2024) സാസ്കോ പ്ലൈ ആൻഡ് ബോർഡ്സ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ സ്ഥാപന ലിസ്റ്റിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചു. തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി പരിഷ്കരിക്കേണ്ടതാണ്.

1-17 ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല

മൂന്നിലവ് ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണം, വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 13 വാർഡുകളിലെയും ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല.

പഞ്ചായത്ത് വസ്തുനികുതി ഡേറ്റാബേസ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 350 ൽ അധികം കെട്ടിടങ്ങൾക്ക് വാണിജ്യ-വ്യവസായങ്ങൾ എന്ന ഉപയോഗക്രമത്തിൽ നമ്പർ നല്കിയിട്ടുണ്ട്. ടി കെട്ടിടങ്ങളിലെ ട്രേഡർമാരെല്ലാം ലൈസൻസ് പരിധിയിലുണ്ടോ എന്ന് വ്യക്തമാക്കുന്ന വിശദാംശങ്ങൾ ലഭ്യമല്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് IFTEOS ലൈസൻസ് ചട്ടങ്ങളുടെ ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് ക്രമീകരിക്കാതെ തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3/08-11-2024) ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കുമെന്ന് മറുപടി ലഭിച്ചു.

പഞ്ചായത്തിന്റെ 13 വാർഡുകളിലെയും Trader's List-ൽ വാർഡ് അടിസ്ഥാനത്തിൽ Building No., Owner/License Holder, Nature Of Business, Capital Investment, Machinary Details, Installed Capacity Horse Power(HP) എന്നീ വിവരങ്ങൾ ചേർത്ത് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്.

1-18 ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. മൂന്നിലവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നീ ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

ക്രമ നം.	കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	ഉപയോഗക്രമം

1	II/106/B	എം.ആർ.ഉണ്ണി	ഹോം സ്റ്റേ
2	IV/18	വി.പി.തോമസ്	
3	IV/68 C	അനുസുദ്ദീൻ	
4	IV/131 A	നൂർജ്ജി കബീർ	
5	VII/61	സ്മിതാ പ്രേം	

ഇപ്രകാരം ലൈസൻസില്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/08-11-2024) മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 തടി ലേലം - എഫ് ഡി റ്റി, ജി എസ് റ്റി എന്നിവ ഈടാക്കിയിട്ടില്ല

1. മേച്ചാൽ പരിസരത്ത് നിന്ന് മുറിച്ച് നീക്കിയ മരങ്ങളുടെ ശിഖരങ്ങൾ 07/06/2023 തീയതിയിൽ ലേലം നടത്തുകയും കൂടിയ തുക വിളിച്ച ജോർജ് വി എസ് എന്ന വ്യക്തിക്ക് 8000/- രൂപക്ക് ലേലം ഉറപ്പിക്കുകയും ചെയ്തിരുന്നു. ലേലത്തുകയോടൊപ്പം ഈടാക്കേണ്ടിയിരുന്ന 18% ജി എസ് റ്റി തുകയായ 1440 രൂപയിൽ 968/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. കൂടാതെ ഇതോടൊപ്പം ഇടാക്കേണ്ടിയിരുന്ന 5.25% എഫ് ഡി റ്റി തുകയായ 420/- രൂപ ഈടാക്കിയിട്ടില്ല.
2.എം സി എഫിനു സമീപത്ത് നിന്ന് മുറിച്ച് നീക്കിയ വട്ടമരങ്ങൾ 29/04/2023 തീയതിയിൽ ലേലം നടത്തുകയും കൂടിയ തുക വിളിച്ച വി റ്റി സജി എന്ന വ്യക്തിക്ക് 5400/- രൂപക്ക് ലേലം ഉറപ്പിക്കുകയും ചെയ്തിരുന്നു. ലേലത്തുകയോടൊപ്പം ഈടാക്കേണ്ടിയിരുന്ന 18% ജി എസ് റ്റി തുകയായ 972/- രൂപയും, 5.25% എഫ് ഡി റ്റി തുകയായ 283/- രൂപയും ഈടാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച പ്രകാരം ജി എസ് ടി, എഫ് ഡി റ്റി തുകകൾ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/13-11-2024) മറുപടി ലഭിച്ചിട്ടില്ല. പരാമർശിത എഫ്.ഡി.ടിയും ജി.എസ്.ടിയും ഈടാക്കി നിശ്ചിത ശീർഷകങ്ങളിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

1-20 ഓണം അഡ്വാൻസ് - ബാലൻസ് തുക അടവാക്കി ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2000/- രൂപ 2023-24 ൽ തിരികെ ലഭിക്കാനുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ് തിരിച്ചടവ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-22 ൽ 2014-15 കാലയളവിൽ സെക്രട്ടറിയായി ജോലിചെയ്തിരുന്ന ശ്രീ. ഷറഫുദ്ദീൻ എന്നയാൾ തിരിച്ചടയ്ക്കുവാനായി അവശേഷിക്കുന്ന ഓണം അഡ്വാൻസ് തുകയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2014-15 വർഷം ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ തുക നാളിതുവരെ തിരികെ ഈടാക്കി ക്രമീകരിച്ചിട്ടില്ല. മേൽ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-21 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ-പഞ്ചായത്ത് ഫണ്ടിന് ബാദ്ധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും പഞ്ചായത്തിന് ലഭിച്ച തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും പഞ്ചായത്ത് ഫണ്ടിന് ബാദ്ധ്യതയായി നിലവിലും അവശേഷിക്കുന്നുണ്ട്. വാർഷികകണക്കുകളിലെ ബി-4 ഷെഡ്യൂളിൽ ഇത്തരത്തിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ് ഓഫ് അക്കൗണ്ട്	വിവരണം	തുക
1	320200208	Fund For Transferred Institutions – Homeopathy – Capital	71352
2	320300199	Grants, Funds & Contributions For Specific Purposes – Other Government Agencies	950879

3	320700204	Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayaths	1395940
4	320700205	Contributions For Joint Venture Projects (For Revenue Expenditure) – From District Panchayaths	227116
5	320700304	Contributions For Specific Purposes- (For Capital Expenditure) – From Block Panchayaths	18950
6	320800199	Other Grants, Funds & Contributions For Specific Purposes – Capital	54278

മേൽ തുകകൾ ഏതൊക്കെ ആവശ്യത്തിന് ലഭിച്ചതാണെന്നും ആയത് പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/12.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഫണ്ടുകൾ ബന്ധപ്പെട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ടി തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-22 ജി പി എഫ് തുക അടവാക്കിയില്ല

പഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ നവംബർ 2023 മാസത്തെ ശമ്പളം മുതൽ ജീവനക്കാരുടെ ശമ്പളമിനത്തിൽ നിന്നും ജിപിഎഫിലേക്ക് പിടിച്ച തുകകൾ ബന്ധപ്പെട്ട ജിപിഎഫ് അക്കൗണ്ടുകളിലേക്ക് ചലാൻ പ്രകാരം അടവാക്കിയിട്ടില്ലെന്ന് കാണുന്നു. തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മാസം	ശമ്പളത്തിൽ നിന്നും ജിപിഎഫിലേക്ക് പിടിച്ച തുക
1	11/23	41260
2	12/23	41260
3	1/24	31590
4	2/24	3000

തുക ശമ്പളത്തിൽ നിന്നും പിടിച്ചിട്ടുണ്ടെങ്കിലും അടവാക്കാതെ തനതുഫണ്ടിൽ തുടരാനിടയാകുന്ന സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/14.11.24) ഇ-ചെലാൻ ആയി മാത്രമേ ട്രഷറിയിൽ തുക സ്വീകരിക്കുകയുള്ളു എന്നതിനാൽ തുകകൾ അടവാക്കാൻ സാധിക്കാത്തതാണെന്നും തുക അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭിച്ചു. ജി.പി.എഫ്. തുകകൾ കൃത്യമായി അക്കൗണ്ടിലേക്ക് അടവാക്കാത്തത് ബന്ധപ്പെട്ട ജീവനക്കാർക്ക് പലിശ നഷ്ടത്തിനിടയാക്കുന്നുണ്ട്. നിലവിലും പഞ്ചായത്തിൽ ഇ-ചെല്ലാൻ സംവിധാനം സജ്ജീകരിക്കാത്തതിന് കാരണം വ്യക്തമല്ല. 2024-25 ലെ എസ്.എൽ.ഐ, ജി.ഐ.എസ് തുകകളും ഇത്തരത്തിൽ അടവാക്കാൻ ശേഷിക്കുന്നുണ്ട്. ജീവനക്കാരുടെ പോളിസി തുകകൾ യഥാസമയം അടവാക്കാത്തത് ക്ലെയിം നിരസിക്കുന്നത് പോലുള്ള നടപടികളിലേക്ക് നയിച്ചേക്കാവുന്നതിനാൽ തുകകൾ കൃത്യമായും സമയബന്ധിതമായും അടവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 പഞ്ചായത്ത് ഓഫീസിന്റേതടക്കമുള്ള ഓഫീസ് കെട്ടിടങ്ങളുടെ കറന്റ് ചാർജ് - കൊമേഴ്സ്യൽ താരിഫിൽ തുടരുന്നു.

പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും മറ്റ് അനുബന്ധ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്കും കെ.എസ്.ഇ.ബി.യിൽ നിന്നും കൊമേഴ്സ്യൽ താരിഫിൽ (7A) പെടുത്തിയാണ് ബിൽ നൽകുന്നതെന്ന് തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കാണപ്പെട്ടു. കൊമേഴ്സ്യൽ താരിഫിലുൾപ്പെട്ട കൺസ്യൂമർ നമ്പരുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 1156301030657
2. 1156302030659
3. 1156303030660
4. 1156302031513
5. 1156303030948
6. 1156305030658
7. 1156306030949

പഞ്ചായത്ത് ഓഫീസുൾപ്പെടെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ താരതമ്യേന ഉയർന്ന നിരക്കുകളുള്ള കൊമേഴ്സ്യൽ താരിഫിൽ തുടരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/14.11.24) മറുപടി ലഭ്യമായില്ല. കണക്ഷനുകൾ കുറഞ്ഞനിരക്കിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-വാഹനം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രൊജക്ടിന് താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്, ഫണ്ടിനം	ബിൽ നം. തീയതി
248/24 , ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ	250000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 450000/- ശുചിത്വ മിഷൻ ഫണ്ട്	151199/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്, 352795/- ശുചിത്വ മിഷൻ ഫണ്ട്	388/28.03.2024, 28.03.2024 തീയതിയിൽ ശുചിത്വമിഷൻ അക്കൌണ്ടിൽ നിന്നും (IDBI Pala) PFMS Transfer.
		ആകെ-503994/-	

ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം വാഹനം വാങ്ങുന്നതിനായി മാരുതി സുസുക്കി ഇൻഡ്യ ലിമിറ്റഡിന് 503994/-രൂപ മേൽ സൂചിപ്പിച്ച പ്രകാരം നൽകിയിട്ടുണ്ട്. ജെം മുഖേന മാരുതി സുസുക്കി സൂപ്പർ കാരി സ്റ്റാൻഡേർഡ് 1.2 L വാഹനം ലഭിക്കുന്നതിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ജെം കരാർ പ്രകാരം വാഹനം ലഭ്യമാക്കാനുള്ള കാലയളവ് 120 ദിവസമാണ്. നിലവിൽ വാഹനം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ, ഇൻഷുറൻസ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/12.11.24) വാഹനം ഷോറൂമിൽ എത്തിയിട്ടുണ്ടെന്നും വാഹനത്തിന്റെ ഇൻഷുറൻസ്, രജിസ്ട്രേഷൻ തുകകൾ അടവാക്കി വാഹനം ലഭ്യമാക്കി സ്റ്റോക്കിലെടുക്കുകയും ആസ്തിയിൽ ഉൾപ്പെടുത്തുകയും ചെയ്യുമെന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും എൻക്വയറിക്ക് മറുപടിയായും അറിയിച്ചിട്ടുണ്ട്. വാഹനം ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയത് വരെ വാഹനം വാങ്ങുന്നതിലേക്കായി ചെലവഴിച്ച 503994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 വിൻഡ് മിൽ സാധ്യത പഠനം-രേഖകൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിൻഡ് മിൽ സാധ്യത പഠനം എന്ന പ്രൊജക്ടിന് തൻവർഷം താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്, ഫണ്ടിനം	ബിൽ നം,. തീയതി
221/24 , വിൻഡ് മിൽ സാധ്യത പഠനം	60000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	30000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്	385/27.03.2024

വിൻഡ് മിൽ സാധ്യത പഠനം എന്ന പ്രൊജക്ട് പ്രകാരം 4-ാം വാർഡിൽ വിൻഡ് മിൽ സാധ്യതാ പഠനം നടത്തുന്നതിനായി ഗ്രാമീണ പഠന ഗവേഷണ സ്ഥാപനമായ IRTC (Integrated Rural Technology

Centre) മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് മേൽ സൂചിപ്പിച്ച പ്രകാരം തുക നൽകിയിട്ടുണ്ട്. 14.12.2023 ൽ IRTC യും പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട ധാരണപത്രം പ്രകാരം സ്ഥാപനം കാറ്റിന്റെ ലഭ്യതയുടെ മാപ്പുകളും സാധ്യതാ പഠന റിപ്പോർട്ടും പഞ്ചായത്തിന് ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാധ്യതാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/12.11.24) ഐആർടിസി സംഘത്തിന് കൂടുതൽ ദിവസങ്ങൾ പരിശോധനയ്ക്ക് ആവശ്യമുണ്ടെന്നും ആയതിന് ശേഷം റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സാധ്യതാ റിപ്പോർട്ടും പഞ്ചായത്തിൽ നിന്നുള്ള തുടർനടപടികളുടെ വിവരങ്ങളും രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവു തുകയായ 30000/- രൂപ തടസ്സപ്പെടുത്തുന്നു.

1-26 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -വിശദാംശങ്ങൾ ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ടിന് താഴെ കൊടുത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്, ഫണ്ടിനം	ബിൽ നം. തീയതി
208/24 , സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്	210000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	189000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് 21000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്	390/28.03.2024, 401/30.03.2024

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം ലാനോവിസ് സെക്യൂരിറ്റി സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രൊജക്ടിനായി ലാനോവിസ് സെക്യൂരിറ്റി സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമായില്ല.

2. സ്ഥാപനവുമായി പഞ്ചായത്ത് വെച്ചിട്ടുള്ള കരാർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. പ്രൊജക്ട് പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും തുക കൈമാറിയതിന് ആധാരമായ ബില്ലുകളും പരിശോധനയ്ക്ക് ലഭ്യമായില്ല.

4. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് രജിസ്റ്റർ, പ്രവൃത്തി ചെയ്തത് സംബന്ധിച്ച വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾ എന്നിവ സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/12.11.24) ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാതെ വന്നതിനാൽ പുനർ ടെൻഡർ നടത്തി കരാറുകാരനെ തെരഞ്ഞെടുത്തതായും ആകെ 100 ബൾബുകൾ വിവിധ വാർഡുകളിലായി മാറിയിട്ടുണ്ടെന്നുമാണ് മറുപടി ലഭിച്ചത്. എന്നാൽ ലഭിച്ച ടെണ്ടറുകളുടെ വിവരങ്ങളോ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറോ പരിശോധനയ്ക്ക് ലഭിച്ചില്ല. കൂടാതെ ആകെ 13 വാർഡുകളിലായി 100 ബൾബുകളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്ന ലിസ്റ്റ് മാത്രമാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയത്. യഥാർത്ഥത്തിൽ ബൾബ് മെയിന്റനൻസ് നടത്തിയിട്ടുണ്ടോ ഏതൊക്കെ ബൾബുകൾക്കാണ് പ്രവൃത്തി നടത്തിയതെന്നോ ബൾബ് മാറ്റിയിട്ടുള്ള പക്ഷം വാറന്റി ഉറപ്പാക്കുന്നത് സംബന്ധിച്ചോ വിവരങ്ങളില്ല. വിശദാംശങ്ങളും ബില്ലുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 210000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മുഴുവൻ തുകക്കും മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	27/23-24
പ്രോജക്ടിന്റെ പേര്	ഹോമിയോ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	240000/-

	മെയിന്റനൻസ് ഫണ്ട്(റോഡിതരം)
ചെലവ് തുക	240000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ – ഹോമിയോ

ഹോമിയോ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ട്രഷറി ബിൽ നമ്പർ 11/2023-24 Dated 30/10/2023 പ്രകാരം 240000/- രൂപാ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (അക്കൗണ്ട് നമ്പർ 34306403911) എന്ന സ്ഥാപനത്തിന് നൽകിയിരുന്നെങ്കിലും നാളിത് വരെ 50417/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകയുടെ (189583/- രൂപാ) മരുന്നുകൾ ലഭിക്കാത്തതിന്റെ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.22/13-11-2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 189583/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-28 ഇലക്ട്രിഫിക്കേഷൻ പൂർത്തിയായിട്ടും ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാക്കിയില്ല, മറ്റ് അപാകതകൾ

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ സ്പിൽ ഓവർ പ്രോജക്ട് (157/24) ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ, ശുചിത്വമിഷൻ ഫണ്ട് 120421/രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട് (വൗച്ചർ നം.42300597/12-03-24). കൂടാതെ ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് കെ എസ് ഇ ബി യിൽ അടയ്ക്കുന്നതിനായി 24025/രൂപയുടെ ബിൽ തയാറാക്കിയിരുന്നത് ശുചിത്വമിഷൻ ഫണ്ട് ലഭിക്കാത്തതിനാൽ അടച്ചില്ലയെന്നും ഫയലിൽ നിന്ന് വ്യക്തമാകുന്നു.

ഓഡിറ്റ് ടീം 13-11-2024 തീയതിയിൽ എൻജിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനത്തിന് നിലവിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതെയും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികളിലുപയോഗിച്ച സാധനങ്ങളുടെ അവശിഷ്ടങ്ങൾ ശുചിമുറികളിലുൾപ്പെടെ കിടക്കുന്നതായും കാണപ്പെട്ടു.

കൂടാതെ മീനച്ചിലാറിന്റെ തീരത്തോടു ചേർന്ന് പണിതിരിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അടിത്തറ മതിയായ ബലത്തിൽ നിർമ്മിക്കാത്തതിനാൽ തറയ്ക്ക് വിള്ളലുകൾ വന്നിട്ടുള്ളതായും കാണപ്പെട്ടു. കെട്ടിടത്തിന്റെ പിൻഭാഗത്ത് പ്ലാസ്റ്റിക് ഉൾപ്പെടെ മാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുമുണ്ട്.

ഇപ്രകാരം മതിയായ ഉറപ്പില്ലാതെയും വേണ്ടത്ര സംരക്ഷണമില്ലാതെയുമാണ് പ്രവർത്തനം ഇനിയും ആരംഭിക്കാത്ത ടേക്ക് എ ബ്രേക്ക് കെട്ടിടം കാണപ്പെടുന്നത്.

കൂടാതെ ഇതേ ടേക്ക് എ ബ്രേക്കിൽ നിന്ന് അകലെയല്ലാതെ മറ്റൊരു ശുചിത്വ സമുച്ചയം നിർമ്മിച്ചത് നിലവിൽ ഉപയോഗക്ഷമമല്ലാതെ അടച്ചു പൂട്ടിയിരിക്കുന്നതായും കെട്ടിടത്തിന്റെ വരാന്തയിലെ ടൈലുകൾ ഇളക്കിയിട്ടിരിക്കുന്നതായും കാണപ്പെട്ടു.

ഇപ്രകാരം നിലവിലുണ്ടായിരുന്ന ടേക്ക് എ ബ്രേക്കിന് സമീപം തന്നെ മറ്റൊരെണ്ണം കൂടി നിർമ്മിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. നിലവിൽ ജനോപകാരപ്രദമല്ലാതെ രണ്ട് എണ്ണവും അവശേഷിക്കുന്ന സാഹചര്യം പൊതുപണത്തിന്റെ പാഴ് ചെലവായി മാറിയിരിക്കുകയാണ്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ (30/15-11-2024) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായുള്ള തൻവർഷത്തെ ചെലവ് 120421/- രൂപ തടസ്സപ്പെടുത്തുന്നു.

1-29 അമ്പലം -മങ്കൊമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം -പ്രോജക്ട് ലക്ഷ്യം നേടിയില്ല

അസി.എൻജിനീയർ നിർവഹണം നടത്തിയ വാർഡ് 6,7 അമ്പലം-മങ്കൊമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന സ്പിൽ ഓവർ പ്രോജക്ട് (162/24) പ്രകാരം മോട്ടോർ ഷെഡ് നിർമ്മാണം, 893 മീറ്റർ 40 Mm HDPE പൈപ്പ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ബിൽ നം.378/27-03-24 പ്രകാരം 194877/- രൂപ, ബിൽ നം. 35/06-07-23 പ്രകാരം 4114/-രൂപ ഉൾപ്പെടെ ആകെ 198991/- രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്) പ്രോജക്ടിനായി തൻവർഷം ചെലവഴിച്ചു. ഇതിൽ 4114/-രൂപ ഇലക്ട്രിസിറ്റി കണക്ഷന് വേണ്ടി കെ എസ് ഇ ബി യ്ക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയതാണ്.

ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമായിട്ടുണ്ടോ എന്നും പ്രോജക്ട് ലക്ഷ്യമാക്കിയ കുടിവെള്ള വിതരണം നടക്കുന്നുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (32/15-11-24) മറുപടി ലഭിച്ചില്ല.

പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള തൻ വർഷ ചെലവായ 198991/- രൂപ തടസ്സപ്പെടുത്തുന്നു (ബിൽ നം.378/27-03-24 - 194877/, ബിൽ നം. 35/06-07-23 - 4114/). പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ഇരുമാപ്ര തൊഴിൽ പരിശീലനകേന്ദ്രം ഇലക്ട്രിഫിക്കേഷൻ - കറന്റ് കണക്ഷൻ ലഭിച്ചതിന്റെ വിവരം ഇല്ല

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ സ്പിൽ ഓവർ പ്രോജക്ട് (160/24) പ്രകാരം വികസനഫണ്ടിൽ നിന്ന് 3054/രൂപ, ബിൽ നം.5/7-7-23 മുഖാന്തിരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 57032758192 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.

ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോയെന്നും തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനം ആരംഭിച്ചോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ (31/15-11-2024) നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും (15-11-2024) ഇതു സംബന്ധിച്ച് മറുപടി ലഭിച്ചില്ല. കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ പ്രോജക്ടിനായുള്ള തൻവർഷ ചെലവ് 3054/- രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

1-31 ആയുർവേദാശുപത്രി മെയിന്റനൻസ്-പ്രവൃത്തിക്ക് ഇൻഷുറൻസ് ഏർപ്പെടുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ ആയുർവേദാശുപത്രി മെയിന്റനൻസ് എന്ന (158/24) നമ്പർ പ്രോജക്ട് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിനിയോഗിച്ച് ഷാജി മാത്യു എന്ന കരാറുകാരൻ മുഖാന്തിരം നടപ്പാക്കിയിട്ടുണ്ട്. കരാർ തുക (PAC) 180505/- രൂപയും ബിൽ തുക 132447/- രൂപയുമാണ് (ട്രഷറിബിൽ 20/15-01-2024).

19-02-2023 ൽ കരാർ വച്ച് ആരംഭിച്ച പ്രവൃത്തിയിൽ കരാറുകാരനെ പ്രവൃത്തി ഏല്പിച്ചുകൊണ്ടുള്ള ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് ലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം കരാറുകാരൻ പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തിയ്ക്ക് രണ്ട് ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 0.2% പ്രവൃത്തിയുടെ ബില്ലിൽ കിഴിവ് വരുത്തേണ്ടതാണ്. എന്നാൽ പ്രവൃത്തിയുടെ ഫയലിൽ ഇൻഷുറൻസ് രേഖകൾ സൂക്ഷിച്ചിട്ടില്ല. കരാറുകാരന് നല്കിയ ബിൽ തുകയിൽ വ്യവസ്ഥകൾ പ്രകാരമുള്ള കിഴിവ് വരുത്തിയിട്ടുമില്ല.

കരാർ തുകയായ 180505/- രൂപയുടെ 0.2% ആയ 361/- രൂപ കിഴിവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (21/12-11-24) മറുപടിയിൽ മേൽ അപാകത സമ്മതിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്ന് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-32 ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് -അംഗങ്ങളുടെ പരാതിയിന്മേലുള്ള പരിശോധന -റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ നടത്തിയ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളുൾപ്പെടെ പരാമർശിച്ചിരുന്ന ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി "സകർമ്മയിൽ" നിന്നുള്ള മിനിറ്റ്സ് പ്രകാരം പഞ്ചായത്തിൽ 18-01-2024 ൽ

2.30 Pm ന് കൂടിയ കമ്മിറ്റിയിലെ മൂന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

എന്നാൽ 18-01-2024 ൽ കൂടിയ രണ്ടാമത്തെ കമ്മിറ്റിയിലാണ് ഇപ്രകാരം തീരുമാനമെടുത്തതായി ചേർത്തിട്ടുള്ളതെന്നും ഇങ്ങനെ രണ്ട് കമ്മിറ്റികൾ പ്രസ്തുത ദിവസം കൂടിയിട്ടില്ലയെന്നും കമ്മിറ്റി കൂടാതെ തന്നെ തീരുമാനം വ്യാജമായി എഴുതി ചേർക്കുകയാണുണ്ടായതെന്നും പഞ്ചായത്ത് ഭരണസമിതിയിലെ ഏതാനും അംഗങ്ങൾ ചേർന്ന് ബഹു.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് പരാതി നല്കുകയുണ്ടായി.

വ്യാജകമ്മിറ്റി തീരുമാനങ്ങൾ നിർമ്മിച്ച് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ കബളിപ്പിക്കുന്നതായാണ് പരാതിയിൽ അറിയിച്ചിട്ടുള്ളത് .

ഇപ്രകാരം കമ്മിറ്റി തീരുമാനങ്ങൾ വ്യാജമായി നിർമ്മിക്കുന്നതിനുള്ള സാധ്യതസംബന്ധിച്ചും ,പരാതിയിൽ പരാമർശിക്കുന്ന 18-01-2024 ൽ രണ്ട് കമ്മിറ്റികൾ കൂടിയില്ലയെന്നതിലെ വസ്തുത സംബന്ധിച്ചും ,പ്രസിഡന്റിനും ഉദ്യോഗസ്ഥർക്കും എപ്രകാരമാണ് സകർമ്മയിൽ തെറ്റായ കമ്മിറ്റി തീരുമാനങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുക എന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.1/05-11-2024) നുള്ള മറുപടിയിൽ ചുവടെ ചേർക്കും പ്രകാരമുള്ള വിവരങ്ങൾ സെക്രട്ടറി അറിയിച്ചു.

മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും C & AG യുടെ 4 വർഷത്തെ ഇൻസ്പെക്ഷൻ റിപ്പോർട്ടും ലഭിക്കുകയും ടി വിഷയം ചർച്ച ചെയ്യുന്നതിനായി 18-01-2024 തീയതിയിൽ പ്രത്യേകം അജണ്ടയിട്ട് ഭരണസമിതിയോഗം ചേർന്നിട്ടുള്ളതുമാണ്. അന്നേദിവസം തന്നെ ഒരു സാധാരണ യോഗം കൂടി മുൻകൂട്ടി നിശ്ചയിച്ച നോട്ടീസ് പ്രകാരം ചേർന്നിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് പ്രത്യേക പ്രാധാന്യം നല്കി ചർച്ച ചെയ്യുന്നതിനാണ് പ്രത്യേകം അജണ്ടയിട്ട് മറ്റൊരു യോഗം കൂടി അന്നേദിവസം ചേർന്നത്. സമയബന്ധിതമായി ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നല്കുകയെന്ന സദുദ്ദേശവുമുണ്ടായിരുന്നു. പ്രസ്തുതയോഗങ്ങൾക്ക് യഥാവിധി നോട്ടീസ് നല്കിയിട്ടുള്ളതും വിഷയത്തിന്റെ പ്രാധാന്യം മെംബർമാർക്ക് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. യോഗം ആരംഭിച്ചപ്പോൾത്തന്നെ ഇത് സംബന്ധിച്ച് പ്രസിഡന്റ് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യം സാധാരണയോഗം കഴിഞ്ഞ് ഉച്ചയ്ക്ക് ശേഷം ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട കമ്മിറ്റി ചേരുകയും പ്രഥമമറുപടി കൊടുക്കുന്നതിന് വേണ്ടി പരാമർശിത റിപ്പോർട്ട് വായിച്ച് അവതരിപ്പിക്കുകയും ഭരണസമിതി അംഗങ്ങളെല്ലാവരും റിപ്പോർട്ടിൻമേൽ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭരണസമിതിയോഗം മറുപടി നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും സെക്രട്ടറി ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നല്കിയിട്ടുള്ളതുമാണ്. കമ്മിറ്റിക്ക് ശേഷം വളരെ നാളുകൾ കഴിഞ്ഞാണ് ഇത്തരമൊരു പരാതി ഉന്നയിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ പരിശോധിച്ച് കൃത്യമായ മറുപടിയാണ് പഞ്ചായത്ത് നല്കിയിട്ടുള്ളത്. സകർമ്മ യിൽ വ്യാജമായി കമ്മറ്റി നോട്ടീസ് ഇടുകയോ വ്യാജ തീരുമാനങ്ങൾ ചമയ്ക്കുവാൻ സാധിക്കുകയോ ഇല്ലാത്തതാണ്. നോട്ടീസ്, തീരുമാനങ്ങൾ എന്നിവ പബ്ലിക് ഡോമൈനിൽ മെംബർമാരുൾപ്പെടെ ഏതൊരാൾക്കും ഏതുസമയവും പരിശോധിക്കാവുന്നതാണെന്നിരിക്കെ സകർമ്മയിൽ ഇത്തരത്തിൽ വ്യാജമായി കമ്മിറ്റി നിശ്ചയിക്കുകയോ തീരുമാനങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നത് തികച്ചും അസാദ്ധ്യമാണ് എന്ന വിവരവും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രത്യേകമായി നല്കിയ വിശദീകരണത്തിലും ഇപ്രകാരമുള്ള വിവരങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ 18-01-2024 ന് 2.30 പി എം ന് കൂടിയ കമ്മിറ്റിയിലെ മൂന്നാം നമ്പർ തീരുമാനം വ്യാജമായി ഉണ്ടാക്കിയതാണ് എന്ന് മാത്രമാണ് പരാതിക്കാർ പറഞ്ഞിരിക്കുന്നത്. മറ്റ് തീരുമാനങ്ങളെപ്പറ്റി പരാമർശിക്കുന്നില്ല. കമ്മിറ്റി കൂടി നാളുകൾക്ക് ശേഷമാണ് ഈ പരാതി നല്കിയിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്മിറ്റിയിൽ അംഗങ്ങളെ അറിയിക്കുകയും ബന്ധപ്പെട്ട വിഷയത്തിൽ ഓഡിറ്റ് വകുപ്പിന് മറുപടി നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളായതുകൊണ്ട്തന്നെ മെംബർമാരുടെ വ്യക്തിപരമായ അഭിപ്രായങ്ങളെക്കാളുപരി നിയമപരമായ ഉപദേശം നല്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുമെന്നതിനാലാണ് അപ്രകാരം തീരുമാനമെടുത്തത്. അതിന് ശേഷമുള്ള ഈ പരാതി തികച്ചും രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി മാത്രമുള്ളതാണ് എന്നുമാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബോധിപ്പിച്ചിട്ടുള്ളത്.

പരാതിയിൽ ഒപ്പുവച്ച പല അംഗങ്ങളും മീറ്റിംഗ് നോട്ടീസ് ബുക്കിൽ ഒപ്പിട്ടിരുന്നുവെന്ന് പരിശോധിച്ചുറപ്പാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഡിറ്റ് ക്യാമ്പ്

പരിശോധനാ വേളയിൽ, 12-11-2024 ൽ പരാതിക്കാരായ അംഗങ്ങളിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടർ വിവരങ്ങൾ ശേഖരിക്കുകയും ഓഡിറ്റ് ഡിപ്പാർട്ട്മെന്‍റിന് ഇക്കാര്യത്തിൽ ഏതെങ്കിലും രീതിയിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെന്നും ഭരണ വകുപ്പായ തദ്ദേശ സ്വയം ഭരണവകുപ്പിനാണ് ഇതു സംബന്ധിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതെന്നും അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്‍റെ ഭരണസമിതി നടപടികളുടെ ഡിജിറ്റലൈസേഷൻ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തുകളുടെ ജില്ലാതല അഡ്മിനിസ്ട്രേറ്റീവ് അതോറിറ്റിയായ തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്‍റ് ഡയറക്ടർ മുഖേന ഒദ്യോഗികമായി ലഭ്യമാകേണ്ടതുള്ളതിനാൽ ഭരണവകുപ്പിന് കത്ത് നല്കി അംഗങ്ങൾ പ്രശ്ന പരിഹാരം തേടുകയാണ് ഉചിതമായ മാർഗ്ഗം എന്ന് അറിയിച്ചിട്ടുണ്ട്.

1-33 അസി.എൻജിനീയർ ,എൽ എസ് ജി ഡി,മൂന്നിലവിന്‍റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ്-വ്യക്തതയില്ല

അസിസ്റ്റന്‍റ് എൻജിനീയർ, എൽ എസ് ജി ഡി,മൂന്നിലവ് (C/O മൂന്നിലവ് ഗ്രാമപഞ്ചായത്ത്) ന്‍റെ പേരിൽ എസ്.ബി.ഐ മേലുകാവ് മറ്റം ശാഖയിലെ 38597822350 നമ്പർ അക്കൗണ്ടിൽ 31-03-2024 തീയതിയിൽ 129713.64/- രൂപ ബാക്കിനില്ക്കുന്നുണ്ട്. 01-04-2023 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ അക്കൗണ്ടിൽ 111599/- രൂപ നിക്ഷേപിക്കുകയും 96843/- രൂപ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ ഫീസ് ഉൾപ്പെടെ തുകകൾ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായാണ് വ്യക്തമാകുന്നത്.

നിക്ഷേപതുകകളുടെ ഇനം തിരിച്ച വിശദാംശങ്ങൾ, ഏതാവശ്യങ്ങൾക്കായാണ് പിൻവലിക്കലുകൾ നടത്തിയത് എന്ന വിവരം, ഇടപാടുകളുടെ വിവരങ്ങൾ ചേർത്ത രജിസ്റ്റർ (കാഷ് ബുക്ക്), ചെക്ക് ബുക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/12-11-2024) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല.
അക്കൗണ്ടിലെ പണം ഇ-ടെണ്ടർ ഫീസ് ആണോയെന്ന് തിട്ടപ്പെടുത്തി ഗ്രാമപഞ്ചായത്തിന്‍റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

1-34 നിർവഹണ ഉദ്യോഗസ്ഥൻ നടത്തിയ ക്രമക്കേടുകളെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ വിവരം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം മുതൽ 2021-22 വർഷം വരെയുള്ള കാലയളവിൽ ലൈഫ് ഗുണഭോക്താക്കളായി വീട് പണി ആരംഭിക്കുകയും നിർവഹണ ഉദ്യോഗസ്ഥനായിരുന്ന വി ഇ ഒ നടത്തിയ ക്രമക്കേടുകളെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്,മേൽവിലാസം	അനുവദിച്ച തുക	നിലവിലെ അവസ്ഥ
1	**ജനറൽ വിഭാഗം**		
2	ബ്രിജിത് പ്രസാദ്,കാവനാപറമ്പിൽ, വാർഡ് 7.	40000	പണി ആരംഭിച്ചില്ല
3	രതില അജേഷ് ,അള്ളുങ്കൽ, വാർഡ് 9	300000	വാർക്ക,തേപ്പ്,വയറിംഗ് പണികൾ പൂർത്തിയാക്കി.
4	ഷിനി പ്രസാദ്, തടത്തരികത്ത്,വാർഡ് 13	300000	വീടിന്‍റെ പണി പൂർത്തീകരിച്ചു
5	മറിയക്കുട്ടി ജോസഫ്,കാക്കല്ലിൽ, വാർഡ് 13	200000	ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു
6	സലോമി രാജു, ആമക്കാട്ട്,വാർഡ് 13	200000	വാർക്ക പണികൾ പൂർത്തീകരിച്ചു

7	സിമി വർഗീസ് വടക്കേലാൻ,വാർഡ് 13	200000	ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു
8	ഷൈല ബിനോയി, കൊല്ലരുവി പുത്തൻവീട്, വാർഡ് 9	200000	ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു
9	സാലി മാത്യു,നടുവിലേപ്പറമ്പിൽ, വാർഡ് 3	350000	ലൈഫ് മാനദണ്ഡമനുസരിച്ച് ഉള്ള പണികൾ പൂർത്തീകരിച്ചു.
	പട്ടികജാതി വിഭാഗം		
10	പെണ്ണമ്മ,നെല്ലിയാനിക്കുന്നേൽ, വാർഡ് 10	100000	ലൈഫ് മാനദണ്ഡമനുസരിച്ച് ഉള്ള പണികൾ പൂർത്തീകരിച്ചു.
	പട്ടികവർഗ വിഭാഗം		
11	പ്രദീപ് എം കെ ,മുതലക്കുഴിയിൽ, വാർഡ് 10	90000	തറയുടെ പണി പൂർത്തിയായി.
12	സലുമോൾ സാം ,കാവുംപുറത്ത്,വാർഡ് 3	100000	തറയുടെ പണി പൂർത്തിയായി.
13	ആൻസി ജോസഫ്,എഴുകലാനിക്കൽ, വാർഡ് 3	250000	വീടിന്റെ പണി പൂർത്തീകരിച്ചു
14	സ്മിത സിബി പൊടിപ്പാറയിൽ, വാർഡ് 3	510000	വാർക്ക പണികൾ പൂർത്തീകരിച്ചു
15	ജോൺ പി ജെ ,പായിപ്പാട്ട്, വാർഡ് 4	320000	ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു (വാർദ്ധക്യസഹജമായ രോഗങ്ങളാൽ തനിയെ താമസിച്ചിരുന്ന ഇദ്ദേഹത്തെ അഗതിമന്ദിരത്തിലേക്ക് മാറ്റി)
16	ജോർജ് സലോമി, പുത്തൻവീട്ടിൽ, വാർഡ് 3	332100	ലൈഫ് മാനദണ്ഡമനുസരിച്ച് ഉള്ള പണികൾ പൂർത്തീകരിച്ചു.
17	നിസ്സി ജോസഫ് ,പള്ളിപ്പാട്ട്, വാർഡ് 2	330000	ഭിത്തിനിർമ്മാണം പൂർത്തീകരിച്ചു
18	ചിന്നമ്മ ഐസക്,കാട്ടിപ്ലാക്കൽ, വാർഡ് 1	500000	ലൈഫ് മാനദണ്ഡമനുസരിച്ച് ഉള്ള പണികൾ പൂർത്തീകരിച്ചു.
19	സുജ ബെന്നി, കപ്പലുമാക്കൽ, വാർഡ് 9	500000	വാർക്ക പണികൾ പൂർത്തീകരിച്ചു

മേൽ പരാമർശിച്ച വ്യക്തികൾ പലരും പണികൾ പൂർത്തീകരിച്ച് അവസാനഗഡു തുക ലഭിക്കേണ്ടവരും ചിലർ ബാക്കി പണികൾ നടത്തുന്നതിന് അടുത്തഗഡുവിന് കാത്തിരിക്കുന്നവരുമാണ്. നിലവിലുണ്ടായിരുന്ന ദുർബ്ബലാവസ്ഥയിലായിരുന്ന വീടുകൾ

പൊളിച്ചുമാറ്റി അടച്ചുറപ്പുള്ള മെച്ചപ്പെട്ട വീടിനായി ശ്രമിച്ച് തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത നിലയിലാണ് പലരും ഇപ്പോൾ താമസിക്കുന്നത്.

ഇവരുടെ വീടുകളുടെ പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിന് മതിയായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്ന് കൈക്കൊള്ളേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-35 ലൈഫ് ഭവനപദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ

ലൈഫ് ഭവന പദ്ധതി വിവിധ പ്രോജക്ടുകളിൽ ഉൾപ്പെട്ടതും ഗഡുക്കളായി തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാതെ പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവ് /വാർഡ്	നാളിതുവരെ കൈപ്പറ്റിയ തുക	അവസാനഗഡു കൈപ്പറ്റിയ തീയതി
1	ശോഭന രവീന്ദ്രൻ,മങ്ങാട്ടുകുന്നേൽ വാർഡ് 12	300000/	13-03-2024
2	അനീഷ് കുമാർ,പടിപ്പുരയ്ക്കൽ (തലപ്പലം പഞ്ചായത്തിൽ സ്ഥലം വാങ്ങി)	360000/	22-01-2024
3	നിഷ ,കല്ലുങ്കൽ വാർഡ് 9	360000/	21-02-2023
4	ലളിത കൃഷ്ണൻകുട്ടി,കൊരട്ടിയിൽ വാർഡ് 3	300000/	21-12-2023
5	മിനി സുരേഷ്,പടിപ്പുരയ്ക്കൽ വാരഡ് 8	360000/	9-02-2024
6	പ്രസാദ് പി വി,മാവുങ്കൽ	350000/	13-03-2024

പ്രസ്തുത ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-36 അഗതി രഹിതകേരളം അക്കൗണ്ടിൽ വലിയ തുക ബാക്കിനില്ക്കുന്നു

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഈരാറ്റുപേട്ട ശാഖയിലെ അക്കൗണ്ട് നം.720102010004654 അഗതിരഹിത കേരളം പട്ടികവർഗ വിഭാഗം ഗുണഭോക്താക്കൾക്കുള്ള സേവനങ്ങൾക്കായി പദ്ധതി വിഹിതം, ചലഞ്ച് ഫണ്ട് ഇനങ്ങളിൽ ലഭ്യമാകുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത അക്കൗണ്ടിൽ 31-03-2024 ൽ 869361.74 രൂപയും 09-04-2024 ൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പലിശ ഉൾപ്പെടെ 875321.74 രൂപയും ഉണ്ട്. പ്രോജക്ട് കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ചലഞ്ച് ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുള്ളതാണ്. നിലവിൽ ബാക്കിനില്ക്കുന്ന തുക പദ്ധതി വിഹിതം ഇനത്തിലേതാണ്. പദ്ധതി വിഹിതം തുകകൾ ദീർഘനാളായി ബാങ്ക് നിക്ഷേപമാക്കി നിലനിർത്തുന്നത് ക്രമപ്രകാരമല്ല. തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുകയോ സർക്കാരിന്റെ അനുവാദത്തോടെ ചെലവഴിക്കുകയോ ചെയ്യേണ്ടതാണ്. ഭരണസമിതി ടി വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം

166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ കൈകാര്യം ചെയ്യുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. 13 വാർഡുകൾ ഉൾക്കൊള്ളുന്നതാണ് മൂന്നിലവ് ഗ്രാമപഞ്ചായത്ത്. 13 വാർഡുകളിലേക്കായി ആകെ 12 അംഗങ്ങളാണ് ഹരിതകർമ്മസേനയിൽ ഉള്ളത്. വാർഡ് 1, 13 എന്നിവിടങ്ങളിലേക്കായി ഒരംഗം മാത്രമാണുള്ളത്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.

1) തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് പിറ്റ് -സ്കൂളുകൾ, കൃഷിഭവൻ എന്നിവിടങ്ങളിൽ

2) എം സി എഫ് - 1 (വാർഡ് 6)

3) മിനി എം സി എഫ് - 13

ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് തൻ വർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	പദ്ധതിയുടെ പേര്	ഫണ്ട്	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	2023-24	ഹരിത ആപ്പ് (130/24)	ധനകാര്യകമ്മീഷൻ അവാർഡ്	204900/-	204900/-
2	2023-24	ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകൽ (227/24)	ധനകാര്യകമ്മീഷൻ അവാർഡ്	175000/-	175000/-
3	2023-24	ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ(248/24)	ധനകാര്യകമ്മീഷൻ അവാർഡ്, ശുചിത്വ മിഷൻ ഫണ്ട്	151199/- 352795/-	151199/- 352795/-
4	2023-24	ക്ലീൻ മൂന്നിലവ് ഗ്രീൻ മൂന്നിലവ് (135/24)	ധനകാര്യകമ്മീഷൻ അവാർഡ്, വികസന ഫണ്ട്	24430/- 25990/-	24430/- 25990/-
5	2023-24	ക്ലീൻ മൂന്നിലവ് ഗ്രീൻ മൂന്നിലവ് (142/24)	വികസന ഫണ്ട്	41003/-	41003/-

ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ പ്രോജക്ടിനായി മാരുതി സുസുക്കി പ്രൈവറ്റ് ലിമിറ്റഡിന് തുക കൈമാറിയെങ്കിലും വാഹനം നിലവിലും ലഭ്യമായില്ല.

<u>ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്യു.ആർ.കോഡ് പതിപ്പിക്കൽ പൂർണ്ണമായിട്ടില്ല. വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 1980 വീടുകൾ, 160 സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യ ശേഖരണത്തിനായി സർക്കാർ നിശ്ചയിച്ച പ്രകാരം കലണ്ടർ പ്രസിദ്ധീകരിക്കുകയും ആയത് പ്രകാരം മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്നുണ്ട്. മാലിന്യ ശേഖരണത്തിനായി പഞ്ചായത്തിന് സ്വന്തമായി വാഹനം നിലവിലും ലഭ്യമായിട്ടില്ല.

നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് മിനി എം സി എഫുകളിൽ എത്തിച്ച് പ്രാഥമികമായി തരം തിരിച്ച ശേഷം മെയിൻ എം.സി.എഫ്-ൽ എത്തിച്ച് വീണ്ടും തരം തിരിച്ച് തിരുവോണം ഏജൻസീസ് എന്ന സ്ഥാപനം മുഖേന നീക്കം ചെയ്യുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ഹരിത കർമ്മസേന പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ, 150 സ്ക്വയർ ഫീറ്റിൽ കുറയാതെ ഒരു വാർഡിന് ഒരെണ്ണം എന്ന രീതിയിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ സി ഡി എസ് ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഓരോ ഹരിതകർമസേനാ സംരംഭത്തിനും ഒന്നു വീതം എന്ന രീതിയിലോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഓരോ 25000 ജനസംഖ്യയ്ക്കും 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള മെഗാ എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം (12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020 /ത.സ്വ.ഭ.വ). നിലവിൽ ആറാം വാർഡിൽ എം.സി.എഫ് പ്രവർത്തിക്കുന്നുണ്ടെങ്കിലും മതിയായ സ്ഥല സൗകര്യം ലഭ്യമല്ല. എംസിഎഫിനോട് ചേർന്നുള്ള പഞ്ചായത്ത് ഹാൾ കൂടി മാലിന്യ ശേഖരണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. വൈദ്യുതി ലഭ്യതയില്ലാത്തതിനാൽ എം സി എഫ് ൽ മുൻവർഷം വാങ്ങിയ ബെയിലിംഗ് മെഷിൻ നിലവിലും പ്രവർത്തിപ്പിക്കാനാകാതെ തുടരുകയാണ്. എം സി എഫ് ൽ വൈദ്യുതി, മതിയായ ടോയിലറ്റ്, ഡ്രെസിംഗ് സംവിധാനങ്ങളുടെ അപര്യാപ്തതയുണ്ട്. തിരുവോണം ഏജൻസീസ് എന്ന കമ്പനി രണ്ടു മാസത്തിലൊരിക്കലെങ്കിലും മാലിന്യനീക്കം നിർവഹിക്കുന്നുണ്ട്. മാലിന്യ നീക്കത്തിന് ഹരിത കർമസേനയ്ക്ക് സ്വന്തമായി വാഹനം പ്രോജക്ട് പ്രകാരം വാങ്ങിയെങ്കിലും (മാരുതി സൂപ്പർ കാരി STD 1.2 L) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി കൈമാറിയിട്ടില്ല. കൂടാതെ പ്രസ്തുത വാഹനം മലകളും ഉയർന്ന പ്രദേശങ്ങളുൾപ്പെട്ട പഞ്ചായത്ത് പ്രദേശത്ത് ഫലപ്രദമാകുമോ എന്ന സംശയവും നിലനിൽക്കുന്നു. സേനാംഗങ്ങൾക്കിടയിൽ പരിശീലനം നേടിയ ലൈസൻസുള്ള വനിതാ ഡ്രൈവറുണ്ട്.

മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ

മാലിന്യങ്ങൾ അനധികൃതമായി വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിന്, മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് അവബോധം നൽകുന്നതിന് ഗ്രാമസഭകളിൽ ശ്രദ്ധിക്കുന്നുണ്ട്. കുട്ടികൾക്കായി ഹരിത സഭ പോലുള്ള മീറ്റിംഗ് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ നടത്തിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരേ നോട്ടീസ് നൽകാറുണ്ടെങ്കിലും പിഴ ചുമത്തിയിട്ടില്ല. ഹരിതകർമ്മസേനയുമായി സഹകരിക്കാത്ത വീടുകൾ/സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട് (നിലവിൽ 88 ശതമാനം വീടുകൾ/ സ്ഥാപനങ്ങൾ പദ്ധതിയുമായി സഹകരിക്കുന്നു).

തൊഴിൽ സൃഷ്ടിക്കൽ

12 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന മാസത്തിലെ ആദ്യത്തെ 15 ദിവസം മാലിന്യ ശേഖരണവും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരം തിരിക്കുന്ന ജോലിയിലും ഏർപ്പെടുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനുമായി

ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ഫെഡറൽബാങ്ക്, മൂന്നിലവ് ശാഖയിൽ 12160100092327 എന്ന അക്കൗണ്ട് ആരംഭിക്കുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്ന തുകയിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ശരാശരി 8000/-രൂപയോ അതിനടുത്തോ വരുമാനമായി ലഭിക്കുന്നുണ്ട്. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ മറ്റ് സംരംഭങ്ങൾ എന്നിവ നിലവിൽ ആരംഭിച്ചിട്ടില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ഗ്ലൗസ്, യൂണിഫോം, മാലിന്യ ശേഖരണത്തിനുള്ള ബാഗ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേന ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരു പരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സഹായിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

- സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെലവഴിച്ച് ക്യു ആർ കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും പ്രവൃത്തികൾ പൂർണ്ണമായിട്ടില്ല. യൂസർഫീ കളക്ഷൻ, മാലിന്യകൈമാറ്റ പ്രക്രിയകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പൂർത്തീകരിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
- മാലിന്യ ശേഖരണത്തിനും തരംതിരിക്കലിനുമായി നിലവിലുള്ള എം സി എഫ് ലെ സ്ഥല പരിമിതിയുൾപ്പെടെയുള്ള അസൗകര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വാർഡുകളിൽ സെഗ്രിഗേഷൻ സൗകര്യത്തോട് കൂടിയ മിനി എം സി എഫു കൾ സ്ഥാപിക്കേണ്ടതാണ്.
- മിനി എം സി എഫു കളിൽ നിന്നും മെയിൻ എം സി എഫ് ലേക്ക് മാലിന്യ നീക്കം സുഗമമാക്കുന്നതിനായി പ്രൊജക്ട് പ്രകാരം വാങ്ങിയ വാഹനം എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ. സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പെടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

- ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ മാർഗനിർദേശങ്ങളും പദ്ധതികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	24.05.2024	12.11.2024

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 3(1)/15.05.2024 നം. തീരുമാനം പ്രകാരം, 2023-24 വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2024 ലെ ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്	100,000/-	പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ (പ്രൊജക്ട് നം. 58/23-24)	100,000/-
	100000/-	സുഭിക്ഷ കേരളം സ്ഥിരം കൃഷിക് സബ്സിഡി ജനറൽ (പ്രോജക്ട് നം.69/23-24)	100000/-
	65,000/-	ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത,	65,000/-

		ഡ്രസ്സ് അലവൻസ് (പ്രൊജക്ട് നം.18/23-24)	
ആകെ	265000/-		265000/-
ജില്ലാ പഞ്ചായത്ത്	123867/-	അനുപൂരക പോഷകാഹാരം ജനറൽ (പ്രോജക്ട് നം.17/23-24)	123867/-
ആകെ	123867/-		123867/-

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിനായി തുകയൊന്നും നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
കെ.യു.ആർ. ഡി.എഫ്.സി	6394889	5175674	1801071	-	9769492*

2019-20 വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കുവാൻ അവശേഷിച്ച തുകയിൽ 961/- രൂപയുടെ കുറവുണ്ടായിരുന്നു. ടി വ്യത്യാസം ഇതുവരെയും ക്രമീകരിച്ചിട്ടില്ല. 2023-24 വർഷത്തിലും തിരിച്ചടയ്ക്കാനുള്ള തുകയിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 961/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയത് പരിഹരിക്കേണ്ടതാണ്. ലോൺ ഇനത്തിൽ വൻതുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുന്നത് പലിശ ഇനത്തിലെ ബാധ്യത വർദ്ധിപ്പിക്കുമെന്നതിനാൽ ആവശ്യത്തിന് മാത്രം ലോൺ എടുക്കേണ്ടതാണ്. കൂടാതെ നിലവിൽ ലോൺ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക അടിയന്തിരമായി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം മൂന്നിലവ് ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളില്ല.

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും	രസീത് നം/ തീയതി
2022-23	1-30	23380/-	സെക്രട്ടറി, ഐശ്വര്യ കുടിൽ വ്യവസായം	1230201374 /20.12.2023
2022-23	1-30	1685/-	സെക്രട്ടറി, ഐശ്വര്യ കുടിൽ വ്യവസായം	1230201402/05.1.24

2022-23	1-30	56760/-	സെക്രട്ടറി, ഐശ്വര്യ കുടിൽ വ്യവസായം	1230201224/23.11.2023

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-6	2016-17	അനുബന്ധം-3	വസ്തു നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-2	2016-17	അനുബന്ധം-4	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2015-16	2-4	2016-17	അനുബന്ധം-5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2019-20	1-12	2021-22	അനുബന്ധം-1	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത്	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2020-21	3-1	2021-22	1.2.3(1)	ലൈഫ് ഭവന പദ്ധതി നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട്	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
പ്രത്യേക റിപ്പോർട്ട്	-	2021-22	2.2.1	ലൈഫ് ഭവന പദ്ധതി നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട്	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
പ്രത്യേക റിപ്പോർട്ട്	-	2022-23	4.4	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ്	:	36,171,389/-

ഉൾപ്പടെ(റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)		
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	19920972/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		61,922,687/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		63,860,678/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1256043/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	503994	ഷാജികുമാർ എസ് ഒ, സെക്രട്ടറി
1-25	30000	ഷാജികുമാർ എസ് ഒ, സെക്രട്ടറി
1-26	210000	ഷാജികുമാർ എസ് ഒ, സെക്രട്ടറി
1-27	189583	നിമ്മി ജോർജ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-28	120421	നിധിൻ എം എസ് , അസിസ്റ്റന്റ് എഞ്ചിനീയർ
1-29 (Part)	194877	നിധിൻ എം എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-29 (Part)	4114	ജയപ്രകാശ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ
1-30	3054	ജയപ്രകാശ് ആർ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	**1256043/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-19 പ്രകാരം CGST-722/-, SGST- 722/-, Forest Development Tax – 703/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1996-97 (ചെലവ്)	നം.എൽ..എഫ്.കെ.പി.2/778 /98/4.7.00/9.11.00	12
2003-04	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1360(4)/ 2.8.22	2
2006-07	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1360(7)/ 2.8.22	3
2008-09	നം.കെ.എസ്.എ-കെ.ടി.എം. പി.14/1935 /2022/06.03.2023	2
2009-10	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1457(1)/ 2021/02.8.22	3
2010-11, 2011-12	നം.കെ.എസ്.എ-കെ.ടി.എം. പി.14/1934 /2022/06.03.2023	2
2012-13, 13-14	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1457(3)/ 2021/2.8.22	8
2014-15	നം.കെ.എസ്.എ-കെ.ടി.എം. പി.14/1933 /2022/06.03.2023	7
2015-16	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1163(11)/ 2022/17.8.22	12
2016-17	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1457(4)/ 2021/17.8.22	6
2017-18	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022 /1457(5)/ 2021/17.8.22	5
2018-19	നം.കെ.എസ്.എ-കെ.ടി.എം.പി14/1163(14) /2022/22.8.2022	9
2019-20	നം.കെ.എസ്.എ-കെ.ടി.എം.പി 14/1572	8

	/2022/09.0152023	
2020-21	നം.കെ.എസ്.എ-കെ.ടി.എം.പി 14/1979 /2022/8.05.2023	15
2021-22	നം.കെ.എസ്.എ-കെ.ടി.എം.പി 14/90/2023 /14.07.2023	23
2022-23	നം.കെ.എസ്.എ-കെ.ടി.എം.പി 14/1942 /2023/16.03.2024	33

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 15-05-2024 and submitted on 24-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Moonnilavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Moonnilavu Grama Panchayat as on 31-03-2024

Date: 05/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Moonnilavu Grama Panchayat for the Year 2023-2024.

1.Major Observations

1. Documents for verification of accuracy of Panchayath General Fund not provided.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2023
has not provided by authorised register or document.
3. Valuation process of assets as per instructions is G.O (Ms) 152/2011 dated 26.07.2011 not yet completed and asset register not updated. Assets such as reserviors are included in B-11 schedule of Balance sheet. The authenticity and itemwise accuracy of such assets are not clear.

2.Other Observations

1. Contingent Expenses and Honourarium of Elected Representatives which became due upto 31/03/2024 has not been accounted as payable during 2023-24.
2. Government/Other dues register not maintained properly to substantiate financial statements.
3. Details of various Heads in B 18 schedule is not available in Advance Register.
4. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.
5. Utilisation of special purpose grants-ACR not properly recorded and authorised by the Secretary.
6. DCB of Property Tax, Rent, Profession Tax, Licence etc. do not match with Financial statements.
7. Details of various Heads in B 7 schedule is not available in Deposit Register.
8. Rs. 81825/- which was received as audit recovery, was not recorded as income under the audit recovery item.
9. The register showing the details of Capital Work in Progress is not kept.
10. Accumulated depreciation in the head of Roads and Bridges exceeded over the Asset Value.
11. The redemption amount from Joint Venture account for the year 2021-22 has not been adjusted.

Deputy Director

Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്